# അബ്ദുല്ല-പോപ്പ് കൂടിക്കാഴ്ചയും ഫ്രാൻസിലെ സമ്മേളനവും

**ചരിത്രത്തിലാദ്യമായാണ്** ഒരു സുഊദി ഭരണാധികാരി വത്തിക്കാനിൽ ചെന്ന് പോപ്പിനെ സന്ദർശിക്കുന്നത്. കഴിഞ്ഞയാഴ്ചയായിരുന്നു സുഊദി രാജാവ് അബ്ദുല്ലയുടെ വത്തിക്കാൻ സന്ദർശനം. പോപ്പ് ബെനഡിക്ട് പതിനാറാമൻ അദ്ദേഹത്തെ ഹൃദ്യമായി വരവേറ്റു. കൂടിക്കാഴ്ച അരമണിക്കൂർ നീണ്ടു. 'മധ്യപൗരസ്ത്യ ദേശത്തെ തർക്കങ്ങൾക്ക് നീതിയുക്തമായ പരിഹാരം' ആണ് ഇരു നേതാക്കളും ചർച്ച ചെയ്തതെന്ന് വത്തിക്കാൻ പുറത്തിറക്കിയ പ്രസ്താവനകയിൽ പറയുന്നു. ഭീകരവാദത്തിന് മതവും ദേശവും ഇല്ലെന്നും ഒറ്റക്കെട്ടായി അതിനെ ചെറുക്കണമെന്നും അവർ അഭിപ്രായപ്പെട്ടു.

സുഊദിയിൽ ജോലിയാവശ്യാർഥം തങ്ങുന്ന ഒരു മില്യനോളം കത്തോലിക്കാ വിശ്വാസികൾക്ക് പരസ്യമായി മതചടങ്ങുകൾ നിർവഹിക്കാനുള്ള സൗകര്യം ലഭ്യമാക്കാനാണ് വത്തിക്കാൻ അബ്ദുല്ല-പോപ്പ് കൂടിക്കാഴ്ചക്ക് അവസരമൊരുക്കിയതെന്നും ആരോഗ്യകരമായ ക്രൈസ്തവ-ഇസ്‌ലാം സംവാദങ്ങൾക്ക് തുടക്കം കുറിക്കുക എന്ന ലക്ഷ്യം ഇതിനു പിന്നിൽ ഇല്ലെന്നും വിമർശകർ ചൂണ്ടിക്കാട്ടുന്നു. പാശ്ചാത്യലോകത്ത് ഇസ്‌ലാമോഫോബിയ വർധിച്ചുവരുന്ന സാഹചര്യത്തിൽ മതസമൂഹങ്ങൾക്കിടയിൽ പരസ്പര വിശ്വാസം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്രൈസ്തവ -മുസ്‌ലിം സംവാദത്തിനുവേണ്ടി അമ്പതോളം ഇസ്‌ലാമിക പണ്ഡിതന്മാർ ഒപ്പിട്ട് നൽകിയ പ്രസ്താവനയോട് പോപ്പ് നിസ്സംഗത പുലർത്തിയത് അതിന് തെളിവായി അവർ ഉയർത്തിക്കാട്ടുന്നു. അതേസമയം കാന്റൻബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസ്, ലുതേറിയൻ വേൾഡ് ഫെഡറേഷൻ തലവൻ മാർക് ഹാൻസൻ, വേൾഡ് കൗൺസിൽ ഓഫ് ചർച്ചിന്റെ മേധാവി സാമുവൽ കോബിയ എന്നിവരൊക്കെ അതിനോട് ക്രിയാത്മകമായാണ് പ്രതികരിച്ചത്.

പോപ്പ്-അബ്ദുല്ല കൂടിക്കാഴ്ച നടക്കുമ്പോൾ ഫ്രാൻസിൽ ആറു ദിവസം നീണ്ട ഫ്രഞ്ച് റോമൻ കാത്തലിക് ചർച്ചിന്റെ വാർഷികസമ്മേളനത്തിന് തിരശ്ശീല വീഴുകയായിരുന്നു. ഇസ്‌ലാമും മുസ്‌ലിംകളും തന്നെയായിരുന്നു ആ സമ്മേളനത്തിലെയും മുഖ്യ ചർച്ചാ വിഷയം. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനായി മൂന്ന് പ്രത്യേക കമ്മിറ്റികൾക്കു തന്നെ സമ്മേളനം രൂപം നൽകി. വർധിച്ചുവരുന്ന മുസ്‌ലിം-ക്രിസ്ത്യൻ മിശ്ര വിവാഹങ്ങളെക്കുറിച്ച് പഠിക്കാനാണ് ഒരു കമ്മിറ്റി. ഔദ്യോഗിക കണക്ക് പ്രകാരം ഫ്രാൻസിൽ നടക്കുന്ന 28 ശതമാനം വിവാഹങ്ങളും ഇത്തരത്തിലുള്ളതാണത്രെ. അര ലക്ഷം ഫ്രഞ്ച് ക്രിസ്ത്യാനികൾ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടെന്നാണ് ആഭ്യന്തര വകുപ്പിന്റെ കണക്ക്.

ഇസ്രയേൽ പക്ഷപാതിയും മതസംവാദങ്ങളെ എതിർക്കുന്നയാളുമായ ആൻദ്രേ വിൻ ട്രോസ് ഫ്രഞ്ച് റോമൻ കാത്തലിക് ചർച്ചിന്റെ മേധാവിയായി തെരഞ്ഞെടുക്കപ്പെട്ടത് ആശങ്കയോടെയാണ് ഫ്രഞ്ച് സമൂഹം നോക്കിക്കാണുന്നത്. ◆

# ഇസ്‌ലാമിക് കോർട്സ് തിരിച്ചുവരുന്നു

**അമേരിക്കൻ** പോർവിമാനങ്ങളുടെ അകമ്പടിയോടെ എത്യോപ്യൻ സൈന്യം സോമാലിയയിലേക്ക് ഇരച്ചുകയറിയത് മാസങ്ങൾക്ക് മുമ്പാണ്. ഭരണം നടത്തിക്കൊണ്ടിരുന്ന ഇസ്‌ലാമിക കക്ഷിയായ ഇസ്‌ലാമിക് കോർട്സിനെ പുറത്താക്കുകയായിരുന്നു ലക്ഷ്യം. ഏറ്റുമുട്ടലിന് നിൽക്കാതെ കോർട്സിന്റെ പോരാളികൾ മലമുകളിലേക്കും മരുപ്രദേശങ്ങളിലേക്കും പിൻവാങ്ങി. ഇത് തോറ്റോടലായിരുന്നില്ലെന്നും തന്ത്രപരമായ നീക്കമായിരുന്നുവെന്നും ഇപ്പോൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരാഴ്ചക്കകം സോമാലിയൻ തലസ്ഥാന നഗരിയായ മൊഗാദിഷുവിന്റെ സുപ്രധാനമായ ആറ് ഭാഗങ്ങൾ ഇസ്‌ലാമിക് കോർട്സ് തിരിച്ചുപിടിക്കുകയുണ്ടായി. രാജ്യത്തെ ഏറ്റവും വലിയ വ്യാപാര കേന്ദ്രമായ 'ബകാരി'യും ഇതിൽ ഉൾപ്പെടും.

സോമാലിയയിൽ ഒരു ഇടക്കാല ഭരണകൂടത്തെ പ്രതിഷ്ഠിച്ചിട്ടുണ്ടെങ്കിലും അമേരിക്കൻ ഇംഗിതങ്ങൾക്കൊത്ത് എത്യോപ്യൻ സൈന്യമാണ് യഥാർഥ ഭരണം കൈയാളുന്നത്. പോരാളിയെന്നോ സിവിലിയനെന്നോ നോക്കാതെ തെരുവിൽ കാണുന്ന സകലരെയും എത്യോപ്യൻ സൈന്യം വെടിവെച്ചിടുകയാണ്. സോമാലിയയിൽ വംശഹത്യയാണ് നടക്കുന്നതെന്നും ലോകരാഷ്ട്രങ്ങൾ ഇടപെടണമെന്നും മനുഷ്യാവകാശ സംഘടനകൾ പ്രസ്താവനയിറക്കിയിരുന്നു. എത്യോപ്യൻ സൈന്യത്തിന്റെ കിരാതവാഴ്ചയിൽ രോഷാകുലരായി സോമാലികൾ ഇസ്‌ലാമിക് കോർട്സിന്റെ പിന്നിൽ അണിനിരന്നിരിക്കുകയാണെന്ന് സോമാലി രാഷ്ട്രീയ നിരീക്ഷകനായ അബ്ദുല്ല അബ്ദി പറഞ്ഞു. "വംശഹത്യയാണ് എത്യോപ്യൻ സൈന്യം നടത്തുന്നത്. കൊള്ളക്കാർ ആരെന്നും സംരക്ഷകർ ആരെന്നും ജനത്തിന് മനസ്സിലായിക്കഴിഞ്ഞു. ഇടക്കാല ഗവൺമെന്റ് രാജിവെക്കണമെന്നും എത്യോപ്യൻ സൈന്യം നാടുവിടണമെന്നും ആവശ്യപ്പെട്ട് കഴിഞ്ഞയാഴ്ച നടന്ന പ്രകടനങ്ങൾ ഇതിന് തെളിവാണ്. ഇസ്‌ലാമിക് കോർട്സിന് അനുകൂലമായി സാഹചര്യം രൂപപ്പെട്ട് കഴിഞ്ഞു."

എത്യോപ്യൻ സൈന്യം നടത്തിയ ആക്രമണങ്ങളിൽ മൊഗാദിഷുവിലെ തൊണ്ണൂറായിരം വീടുകളാണ് തകർന്നത്. എട്ടു ലക്ഷം പേർ അഭയാർഥികളായി. എത്യോപ്യയിൽനിന്ന് കൂടുതൽ സൈന്യം എത്തിയെങ്കിലും ഇസ്‌ലാമിക് കോർട്സ് കൈയടക്കിയ പ്രദേശങ്ങൾ തിരിച്ചുപിടിക്കാനായിട്ടില്ല. ◆

# താൻസാനിയൻ ജൈവ വൈവിധ്യത്തെ കാക്കുന്നത് ഖുർആൻ

**താൻസാനിയയിലെ** പരിസ്ഥിതി പ്രവർത്തകർ പ്രകൃതിസംരക്ഷണത്തിന് പുതിയൊരു രീതിയാണ് പരീക്ഷിച്ചത്. അവർ ഗ്രാമീണരായ കർഷകരെയും മുക്കുവരെയും വിളിച്ചു ചേർത്ത്, ഖുർആനിലും ഹദീസിലുമുള്ള പ്രകൃതിസംരക്ഷണത്തെക്കുറിച്ച പാഠങ്ങൾ അവരെ പഠിപ്പിച്ചു. മാറ്റം അത്ഭുതകരമായിരുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾക്കനുസരിച്ച് തങ്ങളുടെ തൊഴിൽ ശീലങ്ങൾ മാറ്റിയെടുക്കാൻ ഗ്രാമീണർ സന്തോഷത്തോടെ തയാറായി.

'മനുഷ്യന് പ്രകൃതിയുമായും സഹജീവികളുമായും ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ച് ആഴമുള്ള നിരീക്ഷണങ്ങൾ നടത്തുന്നുണ്ട് ഖുർആൻ. അതിന് പരിസ്ഥിതിസംരക്ഷണത്തിന്റെ ധാർമിക അസ്തിവാരമായി വർത്തിക്കാൻ കഴിയും'- ബോധവത്കരണത്തിന് നേതൃത്വം കൊടുത്തവരിൽ ഒരാളായ ഫസ്‌ലൂൻ ഖാലിദ് പറഞ്ഞു. ബ്രിട്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസ്‌ലാമിക് ഫൗണ്ടേഷൻ ഫോർ ഇക്കോളജി ആന്റ് എൻവോഴ്‌മെന്റൽ സയൻസസ് (IFEES) എന്ന സംഘടനയുടെ അധ്യക്ഷൻ കൂടിയാണ് അദ്ദേഹം. പരിസ്ഥിതി ബോധവത്കരണത്തിന് ഇസ്‌ലാമികാധ്യാപനങ്ങളെ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 1998-ലാണ് ഇത് രൂപീകൃതമായത്.

ഇതു സംബന്ധമായ കാര്യങ്ങൾ ആദ്യം പ്രാദേശിക ഇമാമുമാരെ പഠിപ്പിക്കും. അവർ മുഖേനയാണ് മുക്കുവരിലേക്കും മറ്റും സന്ദേശമെത്തുക. ഡൈനമിറ്റ്, ഭക്ഷ്യയോഗ്യമല്ലാത്ത ചെറുമീനുകളെ നശിപ്പിക്കുന്ന കണ്ണിയടുപ്പം കൂടുതലുള്ള വല, കുന്തം എന്നിവ മത്സ്യബന്ധനത്തിന് ഉപയോഗിക്കാതിരിക്കാൻ അവർ തയാറായി.

സൻസിബാർ ദ്വീപ് സമൂഹത്തിനോട് ചേർന്നു കിടക്കുന്ന മിസാലി ദ്വീപിലും പരീക്ഷണം വിജയകരമായിരുന്നു. 'ഞാൻ മീൻ പിടിച്ചിരുന്ന രീതി പ്രകൃതിക്ക് ദോഷകരമായിരുന്നു എന്ന് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്'- മിസാലിയിലെ മുക്കുവനായ സലീം ഹാജി പറഞ്ഞു. 2000-ൽ മിസാലി മുക്കുവർക്കിടയിൽ നടത്തിയ ഒരു പഠന പ്രകാരം 34 ശതമാനം പേർക്കേ പരിസ്ഥിതി പ്രശ്നത്തിൽ ഇസ്‌ലാമിന് സ്വന്തമായ വീക്ഷണമുണ്ടെന്ന ധാരണയുണ്ടായിരുന്നുള്ളൂ. പരിസ്ഥിതി ബോധവത്കരണ പരിപാടികൾ തുടങ്ങിയതിനുശേഷം അവരുടെ എണ്ണം 2003-ൽ 66 ശതമാനം ആയി വർധിച്ചു. മത്സ്യവൈവിധ്യം കൊണ്ട് സമ്പന്നമാണ് മിസാലി ദ്വീപ്.

ഇത്തരം പ്രോജക്ടുകൾ വ്യാപിപ്പിക്കുമെന്ന് IFEES ഭാരവാഹികൾ പറഞ്ഞു. മതത്തിന്റെ ശാസനയാണ് എന്നറിഞ്ഞാൽ സാധാരണക്കാർ വേഗത്തിൽ അംഗീകരിക്കാനും നടപ്പിൽ വരുത്താനും തയാറാകും. മതത്തിന്റെ പിൻബലമില്ലാത്ത ബോധവത്കരണ യത്നങ്ങൾ പലപ്പോഴും പരാജയപ്പെടുന്നതും ഇതേ കാരണത്താൽ തന്നെ. ◆

# മുഹമ്മദ് ആകിഫിനെക്കുറിച്ച്

**സ്വാതന്ത്ര്യം** എന്റെ നാടിന്റെ അവകാശമാണ് എന്ന വരിയോടെ അവസാനിക്കുന്ന തുർക്കിയുടെ ദേശീയ ഗാനം രചിച്ചത് മുഹമ്മദ് ആകിഫ് എർസോയേ എന്ന ഇസ്‌ലാമിക കവിയാണ്. തുർക്കിയുടെ അല്ലാമാ ഇഖ്ബാൽ എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. ഇസ്തംബൂളിൽ 1873-ലാണ് അദ്ദേഹത്തിന്റെ ജനനം. മാതൃഭാഷക്ക് പുറമെ അറബിയിലും പാർസിയിലും വ്യുൽപത്തി നേടി. ഉസ്മാനിയാ ഖിലാഫത്തിന്റെ പ്രതിനിധിയായി ബാൾക്കണിലും അറബ് നാടുകളിലും ജോലി ചെയ്തിട്ടുണ്ട്. തുർക്കിയുടെ ഏറ്റവും പ്രക്ഷുബ്ധമായ ചരിത്രഘട്ടത്തിലാണ് ഈ കവി ജീവിച്ചത്. ഒന്നാം ലോകയുദ്ധാനന്തരം തുർക്കി ഖിലാഫത്തിനെ വീതം വെക്കാനുള്ള ബ്രിട്ടീഷ്, ഫ്രഞ്ച്, ഗ്രീക്ക് ശക്തികളുടെ ശ്രമങ്ങളെ അദ്ദേഹം ചെറുത്തു. അതിനു ശേഷമായിരുന്നു 1923-ൽ കമാൽ അത്താതുർക്കിന്റെ തീവ്ര മതവിരുദ്ധ റിപ്പബ്ലിക്കിന്റെ ആവിർഭാവം.

മതചിഹ്നങ്ങളെ വരെ വെച്ചുപൊറുപ്പിക്കില്ല എന്ന കർശന നിലപാടിലായിരുന്നു അത്താത്തുർക്ക്. നീളൻ തൊപ്പി (ത്വർബൂശ്) ധരിക്കുന്നവരെ കണ്ടാൽ കൊന്നുകളയാൻ അത്താതുർക്ക് ഉത്തരവിറക്കി. ഇസ്‌ലാമിക പൈതൃകത്തിന്റെ സംരക്ഷണം ജീവിതദൗത്യമായി ഏറ്റെടുത്ത കവിക്ക് ത്വർബൂശ് ഊരിവെക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെയാണ് ഈജിപ്ഷ്യൻ ഭരണാധികാരി അബ്ബാസ് ഹിൽമി രണ്ടാമന്റെ ക്ഷണം കിട്ടിയ ഉടനെ അദ്ദേഹം ഈജിപ്തിലേക്ക് മാറിത്താമസിച്ചത്. രോഗം ഗുരുതരമായപ്പോൾ മാത്രമാണ് അദ്ദേഹം ഇസ്തംബൂളിലേക്ക് തിരിച്ചുവന്നത്. 1936-ൽ മരിച്ചു.

മുഹമ്മദ് ആകിഫിന്റെ കവിതകളെ പരിചയപ്പെടുത്തുന്ന ഒരു പുസ്തകം ഉർദുവിൽ പുറത്തിറങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത കവിതകളുടെ ഉർദു പരിഭാഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്കാറ യൂനിവേഴ്‌സിറ്റിയിൽ ഉർദുവിഭാഗത്തിൽ അധ്യാപകനായിരുന്ന ഡോ. നിസാർ അഹ്‌മദ് അസ്‌റാർ (ഇദ്ദേഹം 2004-ൽ മരിച്ചു) ആണ് പരിഭാഷയും എഡിറ്റിംഗും നിർവഹിച്ചത്. ഉർദുവിലെ നിരവധി പ്രശസ്ത കൃതികൾ ഡോ. നിസാർ അഹ്‌മദ് ടർക്കിഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മൗലാനാ മൗദൂദിയുടെ *തഫ്ഹീമുൽ ഖുർആൻ, സീറത്ത് സർവറെ ആലം, സൂദ്, തഅ്ലീമാത്ത്, മസ്അലെ ജബ്ർ വ ഖദ്ർ, സുന്നത്ത് കീ ആഇനീ ഹയ്സിയ്യത്ത്* എന്നിവ അവയിൽ ഉൾപ്പെടും. അല്ലാമാ ഇഖ്ബാലിന്റെ *തശ്കീൽ ഇലാഹിയ്യാത്തെ ജദീദ്* എന്ന പുസ്തകം ടർക്കിഷിലേക്ക് വിവർത്തനം ചെയ്തതും ഇദ്ദേഹമാണ്.

കറാച്ചിയിലെ ഇദാറെ ഇൽമ് വഫന്ന് എന്ന പ്രസാധനാലയമാണ് മുഹമ്മദ് ആകിഫിനെക്കുറിച്ചുള്ള ഗ്രന്ഥം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പേജ് 208. ◆